Talented Bankers Literary Panel
പുസ്തക പരിചയം 177

പരിചയപ്പെടുത്തുന്നത്,
റിനു കെ ജോർജ് ,
ഫെഡറൽ ബാങ്ക്,
കൊടകര ശാഖ.

കളിയെഴുത്തുകൾ,
ജിതേഷ് മംഗലത്ത്.

രാവിലെ പത്രം കിട്ടിയാൽ ആദ്യം സ്പോർട്സ് പേജും സിനിമാ പരസ്യങ്ങളും നോക്കിയിരുന്ന ഒരു ഭൂതകാലം ഉണ്ടായിരുന്നു. ആ ഓർമ്മകളാണ് "കളിയെഴുത്തുകൾ " മടക്കിത്തരുന്നത്. സ്പോർസിനെയും, സിനിമയെയും, പാട്ടുകളെയും, മനുഷ്യരെയും പറ്റിയൊക്കെ അസൂയപ്പെടുത്തുന്ന ഭാഷയിൽ എഴുതുന്ന ജിതേഷ് മംഗലത്തിന്റെ സ്പോർട്സ് സംബന്ധിയായ ഫേസ്ബുക്ക് കുറിപ്പുകളുടെ സമാഹാരമാണ് "കളിയെഴുത്തുകൾ".

നമ്മുടെ Talented Banker കൂടിയാണ് ജിതേഷ്.

സിനിമാക്കഥ, BGM ഉൾപ്പടെ കൂട്ടുകാർക്ക് സിനിമയെക്കാൾ ഗംഭീരമായി പറഞ്ഞു കൊടുക്കുന്ന ഒന്നാന്തരം കഥ പറച്ചിലുകാരനായാണ് ജിതേഷിനെ പുസ്തകത്തിലുടനീളം അനുഭവപ്പെടുന്നത്. കളിയുടെ ഓരോ ചലനവും അതിന്റെ സാങ്കേതിക പദങ്ങൾക്കൊപ്പം ഒട്ടും മുഷിവ് തോന്നാതെ അവതരിപ്പിക്കുമ്പോൾ വായനക്കാരന്റെ ഭാവനാമണ്ഡലത്തിലും ഒരു കളിക്കളം വിരിയുകയാണ്. അക്ഷരങ്ങളാൽ തീർക്കപ്പെടുന്ന, യഥാർത്ഥ കളിയിടത്തേക്കാൾ സൗന്ദര്യത്തിൽ ഒരു പടി മികച്ചു നിൽക്കുന്ന ഈ കുറിപ്പുകളിൽ ഫോട്ടോ ഒഴിവാക്കി അഞ്ജൻ സതീഷിന്റെ കരിക്കേച്ചറുകൾ ഉപയോഗിച്ചതാണ് ഈ പുസ്തത്തിലെ ഏറ്റവും ബുദ്ധിപരമായ തീരുമാനം. ജിതേഷിന്റെ വരികൾക്ക്, സ്വർണ്ണത്തിന് സുഗന്ധം എന്നപോലെ നിൽക്കുന്നു, അഞ്ജൻ സതീഷിന്റെ വരകൾ.

"കളിയെഴുത്തുകൾ " എന്നാണ് പേരെങ്കിലും എല്ലാത്തരം സ്പോർട്സിനെപ്പറ്റിയും പറയുന്നില്ല
ഈ പുസ്തകം. ടെലിവിഷന്റെ വ്യാപകപ്രചാരം ഇന്ത്യയിൽ ക്രിക്കറ്റൊഴികെയുള്ള കളികളുടെ പോപ്പുലാരിറ്റിയെ ബാധിച്ചത് എപ്രകാരമാണെന്നുമുള്ളതിന്റെ തെളിവ് കൂടിയാകുന്നു കളിയെഴുത്തുകൾ എന്ന് പറയേണ്ടി വരും. കളിയെഴുത്തുകൾ പ്രധാനമായും പറയുന്നത് ക്രിക്കറ്റിനെയും ഫുട്ബോളിനെയും പറ്റിയാണ്. അപവാദമായി രണ്ട് അധ്യായങ്ങളേയുള്ളൂ. ഒന്ന് സ്റ്റെഫി

ഗ്രാഫിനെക്കുറിച്ചുള്ള ഓർമ്മകളിലൂടെ ടെന്നീസിനെക്കുറിച്ചാണ് . രണ്ടാമത്തേത് ആണ് ഞെട്ടിച്ചത്. അത് എഴുത്തുകാരൻ ഒരിക്കലും കളിച്ചിട്ടില്ലാത്ത, അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ ഒന്ന് രണ്ട് വട്ടം കണ്ടിട്ടുള്ളതൊഴിച്ചാൽ കാഴ്ച്ചശീലപ്പട്ടികയിൽ പോലും പേരില്ലാത്ത ബില്യാർഡ്സ് ആണ് ; ഗീത് സേഥിയെപ്പറ്റിയുള്ള കുറിപ്പ്. പക്ഷേ, ഇത് കളിയെഴുത്തുകളുടെ ന്യൂനതയല്ല മറിച്ച് എഴുത്തുകാരന്റെ സത്യസന്ധതയാണ്. അദ്ദേഹം തുടക്കത്തിൽ പറയുന്നതു പോലെ പന്തിന് പിന്നാലെ പായുന്നത് തലച്ചോറല്ല, ഹൃദയമാണ്, എഴുതപ്പെട്ടിരിക്കുന്നത് ഓർമ്മകൾ മാത്രമാണ്.

"സച്ചിന്റെ കളി കണ്ടുകൊണ്ടിരുന്നപ്പോൾ ഞാൻ തന്നെയായിരുന്നു സച്ചിൻ ; അതുമാത്രമാണിപ്പോൾ സച്ചിനിൽ നിന്ന് കോലിയിലേക്കുള്ള ദൂരം " ഇത് ജിതേഷ് ഒരു തലമുറയെപ്പറ്റി എഴുതിയതാവും. കളി കണ്ടു കൊണ്ടിരിക്കുമ്പോഴുള്ള വിശ്വാസങ്ങളെപ്പറ്റിയുള്ള കുറിപ്പ് വായിക്കുമ്പോൾ എന്നെപ്പോലെ ഒരു "മലപ്രംകാരനും" ഉണ്ടെന്ന് എങ്ങനെ തോന്നാതിരിക്കും. ജിതേഷ് എന്ന പ്രതിഭ ഭാവിയിൽ നേടാനിരിക്കുന്ന പെരുമയുടെ കൊടുമുടിയിലേക്കുള്ള ആദ്യ ചുവടാണ് "കളിയെഴുത്തുകൾ ".

കളിയെഴുത്തുകൾ, കളിക്കളത്തെ പുസ്തകത്തിലേക്ക് ചുരുക്കുകയല്ല. ഓരോ താളും മറിച്ചു നോക്കൂ, ഗ്യാലറിയുടെ ഇരമ്പം കേൾക്കാം. ജിതേഷിനോട് പറയാൻ അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ കടമെടുക്കുകയാണ് ; "കൽപ്പകത്തുണ്ടുകളാണ് ജിതേഷ് ഈ ഓർമ്മക്കീറുകളോരോന്നും. നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നതും മറ്റൊന്നല്ല.. "

വില - Rs. 250/-
സ്പെഷ്യൽ ബുക്ക്സ് പ്രസിദ്ധീകരണം